TB Movie Panel Weekly Review

**#moviepanel**

തിങ്കളാഴ്ച നിശ്ചയം

Written By : Sreelesh S Kumar

" ടാ, വിജയൻ്റെ രണ്ടാമത്തെ മോൾടെ കല്യാണമായെന്ന്. ഉറപ്പീര് തിങ്കളാഴ്ചയാണ്. നിന്നേം കൂട്ടി തലേന്നെ ചെല്ലാമെന്ന് ഞാനേറ്റിട്ടുണ്ട് "

സ്കൈപ്പിൽ റിവ്യൂ മീറ്റിങ് കഴിഞ്ഞ് സോണൽ മാനേജരുടെ ഉച്ചി വഴിയുള്ള തെറിയും കേട്ട് തലയൊന്നുയർത്തി ഫോണിലേക്ക് നോക്കിയപ്പോൾ വാട്ട്സപ്പിൽ വല്യമ്മയുടെ മെസ്സേജ്.

വരുന്ന തിങ്കളാഴ്ച അവധിയാണ്. കഴിഞ്ഞ ഒരാഴ്ചയായി കൊണ്ടാടിയ സകലമാന കാമ്പെയിനുകളിലും തോറ്റു തുന്നം പാടിയതിൻ്റെയും, അതുവഴി വാങ്ങിക്കൂട്ടിയ തെറിവിളിയുടെയും ക്ഷീണം മാറ്റാൻ രണ്ടെണ്ണമടിച്ച് നാളെ രാത്രി കിടന്നുറങ്ങണമെന്ന് കരുതിയിരുന്ന ശ്രീനാഥ് ആകെ ധർമ്മസങ്കടത്തിലായി.

അയാളുടെ സങ്കടത്തിന് പലതുണ്ട് കാരണങ്ങൾ. വയസ്സ് മുപ്പത്തിരണ്ടായിട്ടും കല്യാണം നടന്നിട്ടില്ല. ആറര വർഷത്തെ അന്യസംസ്ഥാന പണിയെടുപ്പ് കഴിഞ്ഞ് ഇക്കഴിഞ്ഞ കൊല്ലമാണ് നാട്ടിലേക്കെത്തിയത്. തിരിച്ചെത്തിയപ്പോഴോ, കേരളത്തിൻ്റെ ഒത്ത നടുക്കായി വീടുള്ള തന്നെ പോസ്റ്റ് ചെയ്തത് സംസ്ഥാനത്തിൻ്റെ വടക്കേയറ്റത്തും. കോവിഡും, നിയന്ത്രണങ്ങളും കാരണം, വാരാന്ത്യങ്ങളിൽ നാട്ടിൽ പോയി അച്ഛനെയുമമ്മയെയും കൂട്ടി മര്യാദയ്ക്കൊന്നു പെണ്ണുകാണാൻ പോലും അന്നൊന്നും പറ്റിയിട്ടില്ല. ഇപ്പോഴാണേൽ കാണുന്ന പെൺ പിള്ളേർക്കൊന്നുമങ്ങോട്ട് ബോധിക്കുന്നുമില്ല. പ്രായവും, വയറുമൊക്കെ കൂടുതലാണ് പോലും.

ആ, ഒന്നോർത്താൽ അവരെ പറഞ്ഞിട്ടും കാര്യമില്ല. നാലഞ്ച് കൊല്ലം മുന്നേ, പ്രൊബേഷൻ ഡിക്ലയർ ആയി കൺഫർമേഷൻ വന്നയുടനെ അമ്മയും, അനിയത്തിയും കൂടെ തുടങ്ങിവെച്ച മാട്രിമോണി അക്കൗണ്ടിൽ റിക്വസ്റ്റുകൾടെ ബഹളമായിരുന്നു. അന്നൊക്കെ ബാങ്ക് മാനേജർമാർക്ക് നല്ല ഡിമാൻ്റായിരുന്നെന്നാ കഴിഞ്ഞ തവണ തൃശൂര് പെണ്ണുകാണാൻ കൂടെ വന്ന ബ്രോക്കറ് പറഞ്ഞത്. ഇപ്പോ, ബാങ്കുകാരുടെ പ്രെഷറൊക്കെ നാട്ടുകാർക്ക് നന്നായി അറിയാം പോലും. നാലഞ്ച് കൊല്ലം മുന്നേ കെട്ടേണ്ടതായിരുന്നു.

അതെങ്ങനെ, അന്ന് വിജയൻ്റെ മൂത്ത മകളോട് അസ്ഥിക്ക് പിടിച്ച പ്രണയമായിരുന്നല്ലോ ? വിജയൻ വകയിലൊരു മാമനാണ്. ആള് പണ്ട് രണ്ട്

കൊല്ലം കുറവൈറ്റിലൊക്കെയായിരുന്നു. അവിടെ ആഭ്യന്തര യുദ്ധം തുടങ്ങിയപ്പോതന്നെ പെട്ടിയും പായ്ക്ക് ചെയ്ത് ആളിങ്ങ് പോന്നെന്നാണ് വല്യച്ചൻ പറയുന്നത്. അതല്ല, ലളിത അമ്മായിയുടെ തലയണമന്ത്രത്തിൽ വിജയൻ മാമൻ നാട്ടിൽ തന്നെയങ്ങ് നിന്നു പോയതാണെന്നാണ് വല്യമ്മയുടെ ഭാഷ്യം. അങ്ങനെയാകാൻ സാധ്യതയൊന്നുമില്ല. വല്യമ്മ ദുഷിപ്പ് പറയുന്നതാകും. കാര്യം വീട്ടിലിപ്പോ ഒരൽപ്പം പ്രാരാബ്ദമൊക്കെയാണേലും, വിജയൻ മാമൻ ആളൊരു പോരാളിയാണ്.

ആഹ്, അതെന്തു തന്നെയായാലും ഇനി പറഞ്ഞിട്ടെന്താ? സുരഭിയെ ഇഷ്ടമാണെന്ന് വീട്ടിലവതരിപ്പിച്ച്, തുടക്കത്തിൽ വല്യ താൽപ്പര്യമൊന്നും കാണിക്കാതിരുന്ന അവരെക്കൊണ്ട് ഒരു വിധത്തിൽ സമ്മതിപ്പിച്ച്, വല്യമ്മ വഴി വിജയൻ മാമനെ അറിയിച്ച് എല്ലാമൊന്ന് സെറ്റാക്കി വന്നപ്പോഴേക്കും ഒക്കെ തകിടം മറിച്ചു കൊണ്ട് അവള് സന്തോഷിൻ്റെ കൂടെ പോയി. സന്തോഷ് കെ.എസ്.ആർ.ടി.സി കണ്ടക്ടറാണ്. അവരിപ്പോ സുഖമായി ജീവിക്കുന്നു.

അവളെപ്പറ്റിയോർത്താൽ തന്നെ ശ്രീനാഥിന് ഡിപ്രഷനടിക്കും. പത്താം ക്ലാസിൽ പഠിക്കുന്ന കാലത്തൊരു കല്യാണത്തിന് കണ്ണൂരുള്ള ബന്ധുവീട്ടിൽ പോയപ്പോഴാണ് ആദ്യമവളെ കാണുന്നത്. അവൾക്കറിയില്ലേലും, അയാൾക്കന്നു തുടങ്ങി പ്രണയമാണ്. അന്നൊരുറപ്പുണ്ടായിരുന്നില്ലെങ്കിലും, ജോലി കിട്ടിയ ശേഷം, വിജയൻ മാമൻ്റെ വീട്ടിലെ സാഹചര്യവും, തൻ്റെ അന്നത്തെ നിലയുമൊക്കെ വെച്ച് അവളെത്തന്നെ കെട്ടാമെന്നങ്ങുറപ്പിച്ചതുമാണ്. പ്രൊബേഷൻ കാലത്ത് ഒറീസ്സയുടെ അതിർത്തിയിൽ ഹോട്ടല് ഭക്ഷണം കഴിച്ച് വയറ് തകരാറിലായി ആഴ്ചയിലാഴ്ചയിൽ ആശുപത്രിക്കിടക്കയിലായിരുന്നപ്പോഴും ജോലി കളഞ്ഞോടാതെയിരുന്നതിൻ്റെ പ്രധാന കാരണങ്ങളിലൊന്ന് ആ ഉറച്ച പ്രതീക്ഷ തന്നെയായിരുന്നു. അതിനിടയിലല്ലേ സന്തോഷ്. ശ്ശെ !

ഇന്നാളൊരുന്നാൾ രാത്രി പതിനൊന്നരയ്ക്ക് 'സുഖമാണോ സുജേ' യെന്ന് മെസ്സഞ്ചറിൽ മെസ്സേജയച്ചതിന് ശേഷമിപ്പോൾ അവൾടെ ഫേസ്ബുക്ക് പ്രൊഫൈൽ കാണാനില്ല. ബ്ലോക്കിയതാകാനാണ് വഴി. വല്ലപ്പോഴും അവളെയോർക്കുമ്പോൾ കാണാനുള്ള ഏക വഴിയായിരുന്നു. വാട്സപ്പ് പണ്ടേ ബ്ലോക്കാണ്. അല്ലേലും, കെട്ടാനുള്ള പെണ്ണാണല്ലോയെന്നോർത്ത് താൻ കാണിച്ച സ്വാതന്ത്ര്യമൊക്കെ അവള് വേറെ രീതിയിലാണോ മനസ്സിലാക്കിയതെന്നൊരു സംശയവുമുണ്ട്.

**********************************

അങ്ങനെ, ദീർഘനേരത്തെ കണക്കുകൂട്ടലുകൾക്കും, വെട്ടിത്തിരുത്തലുകൾക്കുമൊടുവിൽ കാസർകോട് ജില്ലയിലെ എ.ബി.സി. ബാങ്കിൻ്റെ ഒരു ശാഖാ മാനേജരായ ശ്രീനാഥ് തൻ്റെ വല്യച്ഛനും, വല്യമ്മയ്ക്കുമൊപ്പം വിജയൻ മാമൻ്റെ വീട്ടിൽ തൻ്റെ

പൂർവ്വകാല കാമുകിയുടെ അനിയത്തിയുടെ തിങ്കളാഴ്ചത്തെ നിശ്ചയത്തിന് ഞായറാഴ്ചയേ പോകുന്നു. 'തിങ്കളാഴ്ച നിശ്ചയം' സിനിമ പൂർണമായും അവിടെയാണ്. ആ വീട്ടിൽ !
സത്യത്തിൽ ശ്രീനാഥ് ചെല്ലുമ്പോൾ തന്നെ അവിടെ നിറയെ ആളുകളാണ്. പന്തല് കെട്ടാനും, ലൈറ്റിടാനും, മുറ്റം വൃത്തിയാക്കാനും, നിശ്ചയം കൂടാനുമൊക്കെയായി ഒരുക്കങ്ങളുമായി കുറെയേറെപ്പേർ !

ഒരു നിശ്ചയ വീട്ടിൽ കുറെ വ്യത്യസ്ത സ്വഭാവമുള്ള മനുഷ്യരുടെയിടയിലേക്ക് ക്യാമറ മറന്നുവെച്ചാലുണ്ടാകുന്നയത്ര സ്വാഭാവിക കാഴ്ചകളാണ് 'തിങ്കളാഴ്ച നിശ്ചയത്തി' ലേത്. സിനിമാ കഥാപാത്രങ്ങളെന്നു പോലും തോന്നാത്തയത്ര റിയലിസ്റ്റിക്കായി കുറെ മനുഷ്യർ ക്യാമറയുടെ മുന്നിൽ പെരുമാറുന്നു.

ശ്രീനാഥ് ബാങ്ക് മാനേജരായതുകൊണ്ടും, നമ്മളൊക്കെ ബാങ്കുകാരയതു കൊണ്ടും മാത്രം ശ്രീനാഥിൽ നിന്ന് പറഞ്ഞു തുടങ്ങിയെന്നേയുള്ളു. വിജയൻ മുതൽ ശ്രീനാഥ് വരെ ഒന്നേമുക്കാൽ മണിക്കൂർ സ്ക്രീനിൽ പ്രത്യക്ഷപ്പെടുന്ന മനുഷ്യർക്കെല്ലാം ഇതുപോലെ കുറെ കഥകളുണ്ട്. അവരൊന്നും നേരിട്ടത് സ്ക്രീനിൽ പറയുന്നുമില്ല. അവരെയൊക്കെ കാഴ്ചക്കാരന് പെട്ടെന്ന് കണക്ട് ചെയ്യാനാകുന്ന രീതിയിൽ അത്രമേൽ സരസമായാണ് സിനിമയുടെ മേക്കിങ്ങും കഥ പറച്ചിലും. സംസ്ഥാന സർക്കാരിൻ്റെ ചലച്ചിത്ര അവാർഡുകളിൽ മികച്ച കഥയ്ക്കുള്ള അവാർഡ് തിങ്കളാഴ്ച നിശ്ചയത്തിലൂടെ, സംവിധായകൻ കൂടെയായ സെന്ന ഹെഗ്ടെയ്ക്ക് കിട്ടാനുള്ള കാരണവും ഈ സ്വാഭാവിക കഥ പറച്ചിൽ രീതിതന്നെയാകണം. രണ്ടായിരത്തി ഇരുപതാമാണ്ടിലെ മികച്ച രണ്ടാമത്തെ ചിത്രത്തിനുള്ള പുരസ്കാരവും 'തിങ്കളാഴ്ച നിശ്ചയത്തി'ന് തന്നെയാണ്.

മത്സരിച്ചഭിനയിക്കുന്ന ഒരു കൂട്ടം മനുഷ്യരുടെയിടയിലേക്ക് ക്യാമറയുമായിറങ്ങിയത് ശ്രീരാജ് രവീന്ദ്രനാണ്. ലോങ് ഷോട്ടുകളാണ് ചിത്രത്തിലധികവും. അവയൊന്നുമൊട്ടും കണ്ടു പരിചയിച്ച തരത്തിൽ സിനിമാറ്റിക് ടൈപ്പല്ല താനും.

നൂറ്റിയെട്ട് മിനിട്ട് സിനിമ കണ്ട് ആദ്യം പോയി നോക്കിയത് ഓരോ കഥാപാത്രങ്ങളെയും സ്ക്രീനിൽ അവതരിപ്പിച്ചവരുടെ വിശദാംശങ്ങളാണ്. സ്ക്രീനിൽ കണ്ടതിനെക്കാൾ സാധാരണക്കാരായ, സിനിമാ മോഹികളായ കുറെ മനുഷ്യരാണവർ. കാഞ്ഞങ്ങാട്ടുകാരൻ സെന്ന ഹെഗ്ടെ കാഞ്ഞങ്ങാട്ടെ കഥ പറയാനായി സിനിമയെടുക്കാൻ ഇറങ്ങിത്തിരിച്ചതിനാൽ സിനിമാ താരങ്ങളായവർ.

സെന്ന ഹെഗ്ടെ തന്നെ അഭിമുഖത്തിൽ പറഞ്ഞതു പോലെ, അയാളുടെ ആഗ്രഹം പോലെ, ഇനിയുമൊരുപാട് കാഞ്ഞങ്ങാട് കഥകൾ സിനിമകളാകട്ടേ. ഇനിയുമൊരുപാട് സെന്ന ഹെഗ്ടെമാർ നമ്മുടെ നാട്ടിൻ

പുറങ്ങളിൽ നിന്നുണ്ടാകട്ടെ. അവരെയൊക്കെത്തേടി
പുരസ്കാരങ്ങളെത്തട്ടേ.
അങ്ങനെ, അത്രമേൽ സ്വാഭാവികതയോടെ ക്യാമറയ്ക്ക് മുന്നിൽ
പെരുമാറാനറിയാവുന്ന കുറെയധികം സാധാരണക്കാർ
സിനിമാനടൻമാരും, നടിമാരുമാകട്ടെ !